"ഭരണഭാഷ - മാതൃഭാഷ"

DGE/7244/2025-QIP1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 16-06-2025

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം -സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി- 'സമഗ്രപ്ലസ്' വിഭവപോർട്ടൽ- വിദ്യാലയങ്ങളിൽ അക്കാഡമിക മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കൽ - വിദ്യാഭ്യാസ ഓഫീസർമാർക്കും അധ്യാപകർക്കും പരിശീലനം നൽകുന്നത് - സംബന്ധിച്ച്

സൂചന :- 1. സ.ഉ (സാധാ) നം.2182/2025/GEDN തീയതി 22.03.2025

2. കൈറ്റ് സി.ഇ.ഒ -യുടെ 12.06.2025 –ലെ കൈറ്റ്/2025/1527(80) നമ്പർ കത്ത്.

സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി അക്കാദമിക മോണിറ്ററിംഗിന് പോർട്ടൽ വികസിപ്പിച്ച് വിദ്യാഭ്യാസ ഓഫീസർമാർക്ക് പരിശീലനം നൽകുന്നതിന് സൂചന (1) പ്രകാരം കൈറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അധ്യാപകർക്ക് പാഠാസൂത്രണം സമർപ്പിക്കുന്നതിനും പ്രഥമാധ്യാപക/വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർക്ക് അക്കാദമിക മോണിറ്ററിംഗ് നടത്തുന്നതിnum 'സമഗ്ര പ്ലസ്' പോർട്ടലിൽ സൗകര്യങ്ങളൊരുക്കിയിട്ടുണ്ടെന്നും ഇതിന്റെ പരിശീലനത്തിനാവശ്യമായ മൊഡ്യൂളും പരിശീലന സാമഗ്രികളും സജ്ജമാക്കിയിട്ടുണ്ടെന്നും സൂചന (2) പ്രകാരം കൈറ്റ് സി.ഇ.ഒ അറിയിച്ചിട്ടുണ്ട്. ഇതോടൊപ്പം അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ പ്രധാന തീരുമാനങ്ങൾ ഉൾപ്പെടെ SRG മീറ്റിംഗിന്റെ ഭാഗമായി രേഖപ്പെടുത്താനും അവ നടപ്പിലാക്കിയോ എന്ന് മോണിറ്റർ ചെയ്യാനും അവസരം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അക്കാദമിക മോണിറ്ററിംഗ് ഫലപ്രദമായി നടപ്പിലാക്കുന്നതിന് സ്കൂൾ അധ്യാപകർക്ക് മുതൽ സംസ്ഥാനതല വിദ്യാഭ്യാസ ഓഫീസർമാർക്ക് വരെ പരിശീലനം കൈറ്റിന്റെ നേതൃത്വത്തിൽ ചുവടെ ചേർത്തിരിക്കുന്ന സമയക്രമം അനുസരിച്ച് നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു.

| ക്രമ നം. | പരിശീലനം | തീയതി | പങ്കെടുക്കേണ്ടവർ | കേന്ദ്രങ്ങൾ |
|---|---|---|---|---|
| 1 | വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള ഏകദിന പരിശീലനം (ഡി.ഡി.ഇ/എ.ഇ.ഒ/ഡി.ഇ.ഒ – മാർ) | ജൂൺ 24 | ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം | കൊല്ലം |
| | | | മലപ്പുറം, പാലക്കാട്, കോഴിക്കോട് | മലപ്പുറം |
| | | ജൂൺ 25 | എറണാകുളം, ഇടുക്കി, കോട്ടയം, തൃശ്ശൂർ | എറണാകുളം |
| | | | കണ്ണൂർ, കാസറഗോഡ്, വയനാട് | കണ്ണൂർ |
| 2 | പ്രഥമാധ്യാപകർക്കുള്ള പരിശീലനം | ജൂൺ 28 | - | ഉപജില്ലാ കേന്ദ്രങ്ങൾ |
| 3 | എസ് ആർ ജി കൺവീനർ, എസ്ഐടിസി, പിഎസ്ഐടിസി മാർക്കുള്ള ഏകദിന പരിശീലനം | ജൂലൈ | - | ഉപജില്ലാ കേന്ദ്രങ്ങൾ |
| 4 | അധ്യാപക പരിശീലനം (സ്കൂൾ തലത്തിൽ - എസ് ആർ ജി കൺവീനർ, എസ്ഐടിസി/ പിഎസ് ഐടി സി മാർ എന്നിവർ മുഖാന്തിരം) | ജൂലൈ | - | സ്കൂളുകളിൽ |

കൈറ്റ് ക്രമീകരിച്ച് അറിയിക്കുന്ന പരിശീലന കേന്ദ്രങ്ങളിൽ നിർദേശിക്കപ്പെട്ടിട്ടുള്ള ഓഫീസർമാരും അധ്യാപകരും കൃത്യമായി പങ്കെടുക്കേണ്ടതും മോണിറ്ററിംഗ് സൗകര്യം തുടർന്നുള്ള ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തേണ്ടതുമാണ്. ജില്ലാതലത്തിൽ പരിശീലന ഷെഡ്യൂളിൽ മാറ്റം ആവശ്യമെങ്കിൽ വിദ്യാഭ്യാസ ഓഫീസർമാർ കൈറ്റുമായി കൂടിയാലോചിച്ച് പരിശീലനം ക്രമീകരിക്കേണ്ടതാണ്.

Signed by
Shanavas S
Date: 10-06-2025 14:55:22
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്: 1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
3. എല്ലാ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

പകർപ്പ്:1. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരള
2. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി തിരുവനന്തപുരം

3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്